**പതിമൂന്നാം കേരള നിയമസഭ**
**14-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.20** **08/06/2015-ൽ മറുപടിയ്ക്ക്**

**ടി.എസ്.ആർ സുബ്രഹ്മണ്യം കമ്മിറ്റി ശിപാർശകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**ശ്രീ. പി. തിലോത്തമൻ**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**വനവും, പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി** |
| (എ) പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനങ്ങളും നിയമങ്ങളും പരിഷ്കരിക്കാനുള്ള ടി.എസ്.ആർ. സുബ്രഹ്മണ്യം കമ്മിറ്റി ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഈ കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) പ്രധാന ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഇത്തരം പരിഷ്കാരങ്ങൾ ആദിവാസി കളെയും ഊരുകൂട്ടങ്ങളെയും ഏതു വിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തി യിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ? | (സി) വനാവകാശ നിയമം നിലവിൽ വന്നതിനുശേഷം വന സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന തിന് വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഗ്രാമ സഭകളുടെ മുൻകൂർ അനുമതി ആവശ്യമാണ്. കേരളത്തിൽ ഊരുകൂട്ടങ്ങ ളാണ് ഗ്രാമസഭകൾ. കമ്മിറ്റിയുടെ ശുപാർശകളിൽ വന സംരക്ഷണ നിയമ പ്രകാരമുള്ള അനുമതി ത്വരിതപ്പെടുത്തുന്ന തിനായി റോഡുകൾ, വൈദ്യുതി ലൈനുകൾ തുടങ്ങിയ 'ലീനിയർ പ്രോജക്ടുകളിൽ' ഗ്രാമ സഭയുടെ അനുമതി ഒഴിവാക്കാൻ ശിപാർശയുണ്ട്. ഈ പദ്ധതികൾ ആദിവാസികൾക്കും ഗുണകര മാണെന്നാണ് കമ്മിറ്റിയുടെ നിഗമനം. റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ടി.എസ് ആർ സുബ്രഹ്മണ്യം കമ്മിറ്റിയുടെ പ്രധാന ശിപാർശകൾ

### (എ) പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ടവ

1. നിലവിലുള്ള 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിനു പകരം Environment Law (Management) Act. കൊണ്ടു വരിക

2. മേൽപ്പടി നിയമത്തിൽ 1977-ലെ Water Act - ഉം 1981-ലെ Air Act ഉം ഉൾപ്പെടുത്തുക

3. ടി നിയമപ്രകാരം സംസ്ഥാനതല പരിസ്ഥിതി Management Authority രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുക.

4. ടി നിയമത്തിന്റെ പരിധിയിൽ Sessions കോടതികൾ രൂപീകരിക്കുകയും, പരിസ്ഥിതി വിധ്വംസക പ്രവർത്തനങ്ങൾക്ക് കൂടുതൽ കർശനമായ Prosecution/Arrest ഉൾപ്പെടെയുള്ള ശിക്ഷകൾ നൽകുക.

5. കാര്യക്ഷമമായ വിലയിരുത്തൽ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി നൂതന സംവിധാനങ്ങളും സാങ്കേതിക വിദ്യകളും ഉപയോഗപ്രദമാക്കുകയും, ആയത് ഉപയോഗിച്ച് രാജ്യത്ത് ഒട്ടാകെ Environmental Mapping നടത്തുക.

6. നിലവിലുള്ള Regulatory-സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഏക ജാലക സംവിധാനം ഏർപ്പെടുത്തുക.

7. Indian Environmental Service രൂപീകരിക്കുക, Environmental Reconstruction Fund രൂപീകരിക്കുക, അതത് സർക്കാരുകൾ ഓരോരോ വികസന പ്രവർത്തനങ്ങൾക്കും പ്രത്യേകമായ Dedicated Fund അനുവദിച്ച് നൽകുക.

8. National Envrionment Research Institute രൂപീകരിക്കുക.

9. Primary/Secondary സ്കൂൾ തലത്തിലുള്ള പാഠ്യ പദ്ധതിയിൽ 'Green Awareness Programme' കൾ ഉൾപ്പെടുത്തുക.

### (ബി) വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ടവ

10. വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത വനപ്രദേശങ്ങൾ, വൃക്ഷ മേലാപ്പ് 70 ശതമാനത്തിൽ കൂടുതലുള്ള വന പ്രദേശങ്ങൾ എന്നിവയിൽ പ്രവേശന നിഷിദ്ധ മേഖലകൾ കണ്ടെത്തി പ്രഖ്യാപിക്കുക.

11. വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം എത്രയും വേഗം "വനം " എന്നതിനെ നിർവ്വചിക്കുക.

12. വൃക്ഷവൽകൃത പ്രദേശങ്ങളെ വനത്തിന്റെ പരിധിയിൽ നിന്നും നിയമപരമായി ഒഴിവാക്കിക്കൊണ്ടും, സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിയും സാമൂഹ്യ വനവൽക്കരണത്തിലും, കൃഷിയിട വനവൽക്കരണത്തിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കുക.

13. നിശ്ചിത ഇനം വൃക്ഷങ്ങൾ വളർത്തിയ സ്വകാര്യ തോട്ടങ്ങളെ CAMPA ഫണ്ട് വിനിയോഗിച്ച് പരിഹാര വനവൽക്കരണത്തിനായി വിലയ്ക്ക് വാങ്ങുന്നത് പരിഗണിക്കുക.

14. പരിശോധനയുടെ ഗുണനിലവാരം നിലനിർത്തി വനേതരാവശ്യങ്ങൾക്ക് വനഭൂമി വിനിയോഗിക്കുന്നതിന് അനുമതിക്കുള്ള നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തുംവിധം പുതുക്കി നിശ്ചയിക്കുക. റോഡുകൾ, വൈദ്യുതിലൈൻ എന്നീ പ്രോജക്ടുകൾക്ക് വനഭൂമി അനുവദിക്കുന്നതിന് ഗ്രാമസഭയുടെ അംഗീകാരം നിർബന്ധമല്ലാത്ത വിധത്തിൽ വനാവകാശ നിയമത്തിലെ വകുപ്പുകൾ ഭേദഗതി ചെയ്യുക.

15. നഷ്ടമാകുന്ന വനഭൂമിയ്ക്ക് പകരം ഇരട്ടി വിസ്തൃതിയിലുള്ള റവന്യൂ ഭൂമിയിലും, മൂന്നിരട്ടി വിസ്തൃതിയിൽ ശോഷിച്ച വനപ്രദേശങ്ങളിലും വനവൽക്കരണം നടത്തുകയും നെറ്റ് പ്രസന്റ് വാല്യൂ (NPV) ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിന്റെ അഞ്ചിരട്ടിയാക്കുകയും ചെയ്തു കൊണ്ട് വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ പരിഹാര വനവൽക്കരണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിക്കുക. പരിഹാര വനവൽക്കരണത്തിനായുള്ള ഫണ്ടിന്റെ ലഭ്യതയും സുതാര്യമായ വിനിയോഗവും ഉറപ്പാക്കുക.

16. വന്യജീവി സംരക്ഷണ നിയമത്തിലെ പട്ടികകൾ ഒരു വിദഗ്ധ സമിതി പുന:പരിശോധിച്ച് നിയമാനുസൃതമല്ലാത്ത വ്യാപാരം മൂലവും മറ്റും വംശനാശ ഭീഷണി നേരിടുന്ന വന്യജീവികളെ അവ നേരിടുന്ന ഭീഷണിയുടെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് കർശന ശിക്ഷ ഉറപ്പുവരുത്തുന്ന പട്ടികകളിൽ ഉൾപ്പെടുത്തുക.

17. വന്യജീവി മാനേജ്മെന്റ് പദ്ധതി നിയമപരമായ ബാധ്യതയാക്കിക്കൊണ്ട് വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യുക.

18. സംരക്ഷിത മേഖലകളുടെ അതിർത്തികൾ ഭേദഗതി ചെയ്ത് വിസ്തീർണ്ണം കുറയുന്ന സാഹചര്യത്തിൽ മാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം ആവശ്യമുള്ളൂ എന്ന വിധത്തിൽ വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുക.

19. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വന്യജീവികളെ പ്രദർശിപ്പിക്കുമ്പോളൊഴികെ അവയുടെ കാലുകൾ, വായ എന്നിവ ബന്ധിക്കുന്നതിനുപയോഗിക്കുന്ന വിലങ്ങുകളുടെ നിർമ്മാണവും, കൈവശം വയ്ക്കലും, ഉപയോഗവും നിരോധിക്കുക.

20. വന്യജീവി സങ്കേത രൂപവൽക്കരണവുമായി ബന്ധപ്പെട്ട അവകാശ നിർണ്ണയ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

21. ഡറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റൂട്ടിലെ ഫോറൻസിക് ലബോറട്ടറിക്ക് സൗകര്യങ്ങൾ മെച്ചപ്പെടുത്തി "എക്സ്പെർട്ട്"പദവി നൽകുക.

22. വന്യജീവി കുറ്റങ്ങൾ വേഗത്തിലും, ഫലപ്രദമായും പ്രോസിക്യൂട്ട് ചെയ്യുന്നതിനായി വന്യജീവി സംരക്ഷണ നിയമത്തിലെ 50, 55 വകുപ്പുകളിൽ ആവശ്യമായ അധികാരപ്പെടുത്തൽ/ഉപവകുപ്പുകൾ ഉൾപ്പെടുത്തുക.

23. വന്യജീവി സംരക്ഷണ നിയമത്തിലെ 32-ാം വകുപ്പ് പ്രകാരം വന്യജീവി സങ്കേതങ്ങളിൽ നിരോധിക്കപ്പെട്ടിട്ടുള്ള വസ്തുക്കളിൽ പോളിത്തീൻ ബാഗുകളും, പ്ലാസ്റ്റിക് കപ്പികളും ഉൾപ്പെടുത്തുക.

24. വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോസെൻസിറ്റീവ് സോൺ രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരുകളിൽ നിന്നും സമയബന്ധിതമായി സ്വീകരിച്ച് അതിവേഗം നടപ്പാക്കുക.

25. സംരക്ഷിത മേഖലകളിൽ ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി എന്നിവയുടെ അടിസ്ഥാനത്തിൽ നടത്തുന്ന നിരീക്ഷണാധിഷ്ഠിത ഗവേഷണത്തിന് അനുമതി നൽകുന്നതിനുള്ള അധികാരം ബന്ധപ്പെട്ട പാർക്ക് ഡയറക്ടർക്ക് നൽകുന്ന വിധത്തിൽ വന്യജീവി സംരക്ഷണ നിയമത്തിലെ 12-ാം വകുപ്പ് ഭേദഗതി ചെയ്യുക.

26. വന്യജീവി സംരക്ഷണ നിയമത്തിന്റെ പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള വന്യജീവികളെ അവയ്ക്ക് ഹാനികരമാകാത്ത വിധത്തിൽ തദ്ദേശീയാഘോഷങ്ങൾക്ക് ഉപയോഗിക്കാവുന്ന വിധത്തിൽ പട്ടികകളിൽ ക്രമീകരണം വരുത്തുക.

27. ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസിൽ ഫോറസ്ട്രി, വന്യജീവി പരിപാലനം എന്നീ മേഖലകളിൽ സ്പെഷ്യലൈസേഷനോടൊപ്പം പരിസ്ഥിതി മാനേജ്മെന്റ് സംബന്ധമായ എല്ലാ കാര്യങ്ങളിലും അറിവുണ്ടാകുന്നതിന് പ്രോത്സാഹനം നൽകുക.